ഉത്തരം

(എ & ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലും സർക്കാർ മെഡിക്കൽ കോളേജുകളിലും പഞ്ചിംഗ് സംവിധാനം ആഗസ്റ്റ് മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഹെൽത്ത് ഡയറക്ടറേറ്റിലും പഞ്ചിംഗ് സംവിധാനം കൊണ്ടുവരുന്നതിന് ആലോചനയുണ്ട്.

പി.ജി. കോഴ്സുകളിലേക്കുള്ള സീറ്റുകൾ

49 (4923) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മെഡിക്കൽ കോളേജുകളിലെ പി.ജി. കോഴ്സുകൾക്കുള്ള സീറ്റുകളിൽ ഈ അദ്ധ്യയന വർഷം എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) വിവിധ കോഴ്സുകൾക്ക് നിലവിലുണ്ടായിരുന്ന ഏതൊക്കെ പി.ജി. കോഴ്സുകളിൽ എത്ര സീറ്റുകൾ വീതം കുറവ് വരുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) പി.ജി. കോഴ്സുകളിലെ സീറ്റുകൾ കുറയ്ക്കാനുണ്ടായ കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരത്തിൽ കുറച്ച സീറ്റുകൾ പുനഃസ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ 15 പി.ജി. ഡിപ്ലോമ സീറ്റുകൾ കുറവ് വന്നിട്ടുണ്ട്. കുറവുവന്ന സീറ്റുകൾ താഴെപറയും പ്രകാരമാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ്

ഡി.എൽ.ഒ. കോഴ്സ്-6 സീറ്റ്

ഡി.പി.എച്ച്. കോഴ്സ് - 9 സീറ്റ്

(സി&ഡി) പി.ജി.ഡിഗ്രി സീറ്റ് കൂട്ടുന്നതിന്റെ ഭാഗമായാണ് പി.ജി. ഡിപ്ലോമ സീറ്റുകളിൽ കുറവ് വന്നിട്ടുള്ളത്. കുറവുവന്ന ഡിപ്ലോമ സീറ്റുകൾ പുനഃസ്ഥാപിച്ചാൽ ആനുപാതികമായി ഡിഗ്രി സീറ്റുകൾ കുറയാൻ സാദ്ധ്യതയുണ്ട്. ഇത് ആശാസ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly